**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 238** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതു വിതരണ സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഇപ്പോൾ കേരളത്തിൽ 12 ഔൺസ് റേഷൻ നിലവിലുണ്ടോ;

**<u>മറുപടി:</u>** ഇല്ല

**(ബി)** ഇപ്പോൾ നിലവിലുള്ള റേഷൻ സംവിധാനത്തിൻെറ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അടിസ്ഥാനമാക്കിയുള്ള പൊതുവിതരണ സംവിധാനമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ AAY, PHH, NPS, NPNS, NPI എന്നീ 5 വിഭാഗം റേഷൻ കാർഡുകളിലായി നിശ്ചിത മാനദണ്ഡം പ്രകാരം റേഷൻ വിതരണം നടത്തിവരുന്നു.

**(സി)** ഓരോ വിഭാഗത്തിനും റേഷനരി നൽകുമ്പോൾ ഓരോ കിലോയ്ക്കും ഈടാക്കുന്ന തുകയെത്രയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** AAY വിഭാഗം - 30 കിലോ അരിയും 5 കിലോ ഗോതമ്പ് / ആട്ട (ഭക്ഷ്യ ധാന്യങ്ങൾ സൗജന്യം, ആട്ട പാക്കറ്റ് ഒന്നിന് 7 രൂപ )

PHH വിഭാഗം - കാർഡിൽ ഉൾപ്പെട്ട ഓരോ അംഗത്തിനും 4 കിലോ അരിയും 1 കിലോ ഗോതമ്പ് / ആട്ട (ഭക്ഷ്യ ധാന്യങ്ങൾ സൗജന്യം ആട്ട പാക്കറ്റ് ഒന്നിന് 9 രൂപ നിരക്കിൽ പരമാവധി 4 കിലോ )

NPS വിഭാഗം - കാർഡിൽ ഉൾപ്പെട്ട ഓരോ അംഗത്തിനും രണ്ട് കിലോ അരി വീതം (കിലോ 4 രൂപ ), കൂടാതെ ഒരു കാർഡിന് സ്റ്റോക്കിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പരമാവധി 4 കിലോ വരെ ആട്ട കിലോയ്ക്ക് 17 രൂപ നിരക്കിൽ

NPNS വിഭാഗം - ഒരു കാർഡിന് അതത് മാസത്തെ TIDE OVER വിഹിതത്തിലെ മിച്ചം ഭക്ഷ്യധാന്യത്തിന്റെ അളവിന് ആനുപാതികമായി ക്രമീകരിച്ച നൽകിവരുന്നു. (കിലോ 10.90 രൂപ ), കൂടാതെ ഒരു കാർഡിന് സ്റ്റോക്കിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പരമാവധി 4 കിലോ വരെ ആട്ട കിലോയ്ക്ക് 17 രൂപ നിരക്കിൽ .

NPI വിഭാഗം - ഒരു കാർഡിന് 02 Kg അരി 10.90 രൂപ നിരക്കിലും ഒരു പാക്കറ്റ് ആട്ട കിലോയ്ക്ക് 17 രൂപ നിരക്കിൽ (സ്റ്റോക്കിന്റെ ലഭ്യതക്കനുസരിച്ച്)

**(ഡി)** ഈ വില കുറയ്ക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**(ഇ)** കേന്ദ്രത്തിൽ നിന്നും സൗജന്യ നിരക്കിൽ അരി നൽകുന്നുണ്ടോ; എങ്കിൽ മാസം എത്ര ടൺ വീതമെന്നുള്ള വിവരം അറിയിക്കാമോ;

**<u>മറുപടി:</u>** AAY, PHH വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും പ്രതിമാസം 69,830.668 MT അരി സൗജന്യമായി അനുവദിക്കുന്നുണ്ട്.

**(എഫ്)** കേന്ദ്രത്തിൽ നിന്നും വിലയ്ക്ക് വാങ്ങുന്ന അരിയുടെ വിലയും അളവും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ടൈഡ് ഓവർ ഇനത്തിൽ പ്രതിമാസം 26,835.124 MT അരി കിലോഗ്രാമിന് 8.30/- രൂപ നിരക്കിൽ കേന്ദ്ര സർക്കാരിൽ നിന്നും വാങ്ങുന്നുണ്ട്.

**(ജി)** റേഷൻ വിതരണത്തിന് ഇപ്പോൾ കേരളത്തിൽ സ്റ്റോക്കുള്ള അരിയുടെ വിവരം നൽകാമോ; കേന്ദ്രം നൽകുന്ന അരിയുടെ ഗുണമേന്മ സംബന്ധിച്ചുള്ള വിശദ വിവരം നൽകാമോ?

**<u>മറുപടി:</u>** ഓരോ മാസത്തേയും റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും സി.എം.ആർ. മില്ലുകളിൽ നിന്നും വിട്ടെടുത്ത് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ എത്തിക്കുകയും അവിടെ നിന്ന് ന്യായവിലക്കടകളിലേക്ക് വാതിൽപ്പടി വിതരണത്തിലൂടെ എത്തിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. റേഷൻ വിട്ടെടുപ്പും, വാതിൽപ്പടി വിതരണവും, ഗുണഭോക്താക്കൾക്കുള്ള വിതരണവും തുടർച്ചയായി നടന്നുവരുന്നതിനാൽ സംസ്ഥാനത്ത് നിലവിലുള്ള അരിയുടെ കൃത്യമായ നീക്കിയിരിപ്പ് ഏതെങ്കിലും ഒരു സമയത്ത് നിർണയിക്കാൻ സാധിക്കുന്നതല്ല. ഓരോ മാസത്തെയും വിതരണം പൂർത്തിയാകുമ്പോഴാണ് കൃത്യമായ നീക്കിയിരിപ്പ് വിവരം ലഭ്യമാകുന്നത്.

കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന അരിയുടെ ഗുണമേന്മ ഉറപ്പുവരുത്തിയ ശേഷമാണ് സംസ്ഥാന സർക്കാർ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരി വിട്ടെടുക്കുന്നത്. ഗുണനിലവാരത്തിൽ എന്തെങ്കിലും കുറവ് കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട എഫ്.സി.ഐ. അധികാരികളെ അറിയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗവും ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**